# വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(സാന്നിദ്ധ്യം : അനുപമ T.V IAS)

വിഷയം : വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - ഡയറക്ടറേറ്റ് - Early Detection of Disability പരിശീലനം TDS ചാർട്ട് കളർ പ്രിന്റ് ലാമിനേറ്റ് ചെയ്യുന്നതിന് അധികമായി ആവശ്യമുള്ള തുക ആകെ തുക അധികരിക്കാതെ വകമാറ്റി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: 1) സ.ഉ(സാധാ) നമ്പർ 369/2019/സാനീവ തീയതി 24-06-2019.
2) ICDS അർബൻ-2 ശിശു വികസന പദ്ധതി ഓഫീസറുടെ ICDS/U2-68/2020 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ICDS/A5-8573/19 തീയതി: 05-05-2020**

കുഞ്ഞുങ്ങളിലെ വൈകല്യങ്ങൾ, വളർച്ച മുടിപ്പ്, പോഷകാഹാര പ്രശ്നങ്ങൾ തുടങ്ങിയവ എത്രയും നേരത്തെ കണ്ടെത്തുന്നതിനും രക്ഷിതാക്കളെ ആയത് ബോധ്യപ്പെടുത്തി District Early intervention Centre കളിലേയ്ക്ക് തുടർ പരിശോധനകൾക്കായി റഫർ ചെയ്യുന്നതിനും ഇതിലൂടെ സമൂഹത്തിൽ വൈകല്യങ്ങളുടെ തീവ്രത ഒരു പരിധിവരെ കുറയ്ക്കുന്നതിലേയ്ക്കുമായി ശിശു വികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ എന്നിവർക്ക് Early detection of Disability പരിശീലനം നൽകുകയും, പരിശീലനം ലഭിക്കുന്നവർ അങ്കണവാടി വർക്കർമാർക്ക് പരിശീലനം നൽകുകയും ചെയ്യുന്നതിലേയ്ക്ക് അനുമതി നൽകിയും തുക അനുവദിച്ചും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവാകുകയും ആയതിലേയ്ക്ക് വിവിധ ജില്ലകൾക്ക് തുക അനുവദിച്ചും വരുന്നു.

പ്രസ്തുത പരിശീലനം അങ്കണവാടി വർക്കർമാർക്ക് നൽകുന്നതിന് TDS ചാർട്ട് കളർ പ്രിന്റ് എടുത്ത് ലാമിനേറ്റ് ചെയ്തുകൊടുക്കുവാൻ ചൈൽഡ് ഡവലപ്പ്മെന്റ് സെന്ററിൽ നിന്നും ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ പരിശീലനത്തിന്റെ ഫോട്ടോയ്ക്കും, ഡോക്യുമെന്റേഷനും അനുവദിച്ച തുകയിൽ നിന്നും 1,000/-രൂപ പ്രിന്റിംഗ് ആന്റ് സ്റ്റേഷനറിയിലേയ്ക്ക് വകമാറ്റുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ICDS അർബൻ-2 ശിശു വികസന പദ്ധതി ഓഫീസർ ആവശ്യപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ അങ്കണവാടി വർക്കർമാർക്കുള്ള Early detection of Disability പരിശീലനത്തിന്റെ ഭാഗമായി TDS ചാർട്ട് കളർ പ്രിന്റ് ചെയ്ത് ലാമിനേറ്റ് ചെയ്യുന്നതിന് അധിക തുക ആവശ്യമായി വരുന്ന പക്ഷം ആയത് ആകെ തുകയിൽ അധികരിക്കാത്ത വിധം മറ്റേതെങ്കിലും ഇനത്തിൽ നിന്ന് കണ്ടെത്തുന്നതിന്

അനുവദിക്കപ്പെട്ടിട്ടുളള ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഒപ്പ്
വനിത ശിശു വികസന ഡയറക്ടർ

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

പകർപ്പ്:

1) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
2) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

ജികെ/